**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3521** **12-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിവകുപ്പിന്റെ സേവനങ്ങൾ കർഷകർക്ക് എത്തിക്കുന്നതിനായി സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി ഭവനുകളെ നവീകരിക്കുകയും കൃഷി ഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യ സമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിനു ലഭ്യമാക്കുകയും ചെയ്യും. കർഷകരുമായി ആശയ വിനിമയം നടത്തുന്നതിനായി സ്മാർട്ട് കൃഷിഭവനിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, ഐ.റ്റി. ഇൻഫ്രാസ്ട്രക്ചർ, ഫാർമസി, എന്നിവയും ഉണ്ടാകും. കൂടാതെ കൃഷി വകുപ്പ് നൽകുന്ന സേവനങ്ങളെ കുറിച്ച് നേരിട്ടുള്ള വിവരങ്ങൾ നൽകുന്നതിനായി ഓൺലൈൻ പ്ലാറ്റ്ഫോം സേവനങ്ങൾ നൽകുന്നു. അപേക്ഷകളുടെ സ്ഥിതി, സാമ്പത്തിക സഹായം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ കർഷകർക്ക് നൽകുവാൻ കഴിയുന്നതാണ്.<br><br>ഡിപ്പാർട്ട്മെന്റിന്റെയും അനുബന്ധ മേഖലയുടെയും പ്രസിദ്ധീകരണങ്ങൾ, വ്യത്യസ്ത ബ്രോഷറുകൾ, ഇൻഫർമേഷൻ ബുള്ളറ്റിനുകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുവാൻ കഴിയുന്നതാണ്.<br><br>വിവിധ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നതിനായി അപേക്ഷ സ്വീകരിക്കുക, അതിന്മേലുള്ള സംശയങ്ങൾ ദൂരീകരിക്കുക എന്നീ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.<br><br>തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനായി സ്മാർട്ട് കൃഷി ഭവനുകളിൽ |

| | | | |
|---|---|---|---|
| | | | ഷെയ്ഡ് ഹൗസുകളും, ഉല്പാദന ഉപാധികൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ടായിരിക്കും.<br><br>സാങ്കേതിക വിദ്യ ഉപയോഗിച്ച് ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തും. ഡിസ്പ്ലേ ബോർഡുകൾ നെയിം ബോർഡുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ, ടെലിവിഷൻ എന്നിവയും ഇതിനാവശ്യമായ നെറ്റ് കണക്ഷനുകളും ഒരുക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഇതിനായി ഓരോ ബജറ്റിലും അനുവദിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം RIDF Tranche XXVII, RIDF Tranche XXX, സംസ്ഥാന പദ്ധതികളിലുൾപ്പെടെ ആകെ 80 കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>2022-23 സാമ്പത്തിക വർഷം സ്മാർട്ട് കൃഷിഭവൻ നിർമ്മാണത്തിനായി ബഡ്ജറ്റ് വിഹിതമായ 1000 ലക്ഷം രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 700 ലക്ഷം രൂപയും (ഒരു കൃഷിഭവന് 25 ലക്ഷം വച്ച് -installation of front office cum information center including limited furnishing- 7.5 L, installation and upgradation of Plant Health Clinic- 5.0 L, Renovation of KB & limited furnishing- 10.00 L, Providing sufficient IT infrastructure- 2.50 L) ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയുമാണ് വകയിരുത്തിയത്.<br><br>2023-24 സാമ്പത്തിക വർഷം സ്മാർട്ട് കൃഷിഭവൻ നിർമ്മാണത്തിനായി ബഡ്ജറ്റ് വിഹിതമായ 1000 ലക്ഷം രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 370 ലക്ഷം രൂപയും ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 630 ലക്ഷം രൂപയുമാണ് വകയിരുത്തിയത്.<br><br>2024-25 സാമ്പത്തിക വർഷം സ്മാർട്ട് കൃഷിഭവൻ നിർമ്മാണത്തിനായി ബഡ്ജറ്റ് വിഹിതമായ 562 ലക്ഷം രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 136.5ലക്ഷം രൂപയും ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി 24ലക്ഷം രൂപയുമാണ് വകയിരുത്തിയത്. |
| (സി) | മണ്ണാർക്കാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനുകളായി മാറ്റുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ? | (സി) | മണ്ണാർക്കാട് മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തുന്നതിന് നിലവിൽ തിരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ